(എ) ആറൻമുള നിയോജക മണ്ഡലത്തിലെ പോളച്ചിറയിൽ മൽസ്യ കൃഷി നടത്തുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഈ മൺസൂൺ കാലത്ത് തന്നെ മത്സ്യ കൃഷി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ചിറയിൽ മത്സ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും വളർത്തുന്നതിനും മത്സ്യകുളങ്ങൾ ആരംഭിക്കുമോ;

ഉത്തരം

(എ)(ബി),(സി)&(ഡി) ആറൻമുള നിയോജക മണ്ഡലത്തിലെ പോളച്ചിറയിൽ, 200 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു മത്സ്യകൃഷി പദ്ധതി നബാർഡിന്റെ ധനസഹായത്തോടെ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

115 (639) ഇരിഞ്ഞിയത്തെ മൽസ്യ വിതരണ കേന്ദ്രം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993 ൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നെടുമങ്ങാട് ഇരിഞ്ഞിയത്ത് ആരംഭിച്ച മത്സ്യ വിപണന കേന്ദ്രത്തിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇവിടെ ഐസ്പ്ലാന്റും കോൾഡ് സ്റ്റോറേജും സ്ഥാപിക്കുന്നതിന് കമ്മീഷൻ ക്ഷണിച്ചിരുന്നുവോ;

(സി) എങ്കിൽ എന്നാണ്;

(ഡി) ഇതിനായി എത്ര കമ്മീഷൻ ക്ഷണിച്ചിരുന്നോ. ഇതിൽ ഏതെങ്കിലും പരിഗണിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ മത്സ്യവിപണനകേന്ദ്രം എന്ന് പൂർത്തിയാക്കണമെന്നാണ് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിരുന്നത്;

(ജി) എന്നത്തേക്ക് ഇതിന്റെ പണി പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത മത്സ്യ വിപണന കേന്ദ്രത്തിന്റെ കെട്ടിടം പണി 90 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. ഐസ്പ്ലാന്റ്, കോൾഡ്സ്റ്റോറേജ് എന്നിവയുടെ ശേഷിക്കുന്ന പണികൾ മെഷിനറി സ്ഥാപിച്ച ശേഷം മാത്രമേ പൂർത്തിയാക്കുകയുള്ളു.

(ബി) ക്ഷണിച്ചിരുന്നു.

(സി) 21.1..1999 ലും 29.11.99 ലും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആദ്യ തവണ 6 ക്വട്ടേഷനുകളും രണ്ടാം തവണ സാധുവായ ക്വട്ടേഷനും മാത്രമാണ് ലഭിച്ചത്. ഇതിൽ ഒന്നും തന്നെ പരിഗണിക്കുകയുണ്ടാ യില്ല.

(ഇ) ആദ്യ തവണ ലഭിച്ച ക്വട്ടേഷനുകൾ ഫിഷറീസ് ജോയിന്റ് ഡയറ ക്ടറുടെ നിർദ്ദേശപ്രകാരം മത്സ്യഫെഡിലെ വിദഗ്ധർ പരിശോധിച്ചു ഒന്നും തന്നെ തൃപ്തികരമല്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിരസിക്കു കയായിരുന്നു. രണ്ടാമത്തെ തവണ സാധുവായ ഒരു ക്വട്ടേഷൻ മാത്രമാണ് പരിഗണനാർഹമായി ഉണ്ടായിരുന്നത്. മത്സര സ്വഭാവം ഇല്ലാത്തതിനാൽ പ്രസ്തുത ക്വട്ടേഷനും നിരസിക്കുകയായിരുന്നു.

(എഫ്) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതി മുതൽ (27.5.1993) മൂന്നു വർഷത്തിനകം

(ജി) ഈ വർഷാവസാനത്തോടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്;

116 (640) കാസർഗോഡ് ജില്ലയിൽ ചെത്തു തൊഴിലാളികൾക്ക് അനുവദിച്ച വീടുകൾ

ശ്രീ. കെ.പി സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷ റീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യത്തൊഴിലാളി കൾക്ക് അനുവദിച്ച വീടുകൾ, പൂർത്തിയായവ, നിർമ്മാണം തുടങ്ങിയവ, നിർമ്മാണം ആരംഭിക്കാത്തത് എന്നിവയുടെ വിശദാംശം പഞ്ചായത്ത് അടി സ്ഥാനത്തിൽ നൽകുമോ?

ഉത്തരം

വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

117 (641) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവന ക്കാർക്ക് പെൻഷൻ നൽകാൻ സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സാംസ്ക്കാരിക സ്ഥാപനങ്ങളിൽ ഈ പെൻഷൻ പദ്ധതി നിലവിൽ വന്നു എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാറിനു ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള അധിക ബാധ്യത എത്രയാണ്;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനകം പെൻഷൻ പറ്റിയ എത്രപേർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly